# Desabhimani

# 22 August 2018

# Kochi, After Flood, Back to Life

CHN

# വീണ്ടും ജീവിതത്തിലേക്ക്

- പെരിയാറിലെ ജലനിരപ്പ് എട്ട് മീറ്ററോളം കുറഞ്ഞു
- ഭൂതത്താൻ കെട്ടിൽ ജലനിരപ്പ് 50 സെന്റീ മീറ്റർകൂടി കുറഞ്ഞ് 29.50 മീറ്ററായി
- ഇടമലയാർ അണക്കെട്ടിലേക്കും നീരൊഴുക്ക് കുറഞ്ഞു
- ആലുവ ജലശുദ്ധീകരണ പ്ലാന്റ് കഴിഞ്ഞ ദിവസം പ്രവർത്തനം പുനരാരംഭിച്ചു
- പിറവം കുടിവെള്ള പദ്ധതിയുടെ പമ്പിങ് ഇന്ന് പുനരാരംഭിക്കും

**കൊച്ചി**

പ്രളയം സ്തംഭിപ്പിച്ച ജീവിതം ജില്ല തിരിച്ചുപിടിക്കുന്നു. ജനജീവിതം പതിയെ സാധാരണനിലയിലേക്ക് മടങ്ങുന്നു. ഭൂതത്താൻ കെട്ടിൽ ജലനിരപ്പ് ഇന്നലത്തേക്കാൾ 50 സെന്റീ മീറ്റർ കുറഞ്ഞ് 29.50 മീറ്ററായി. ഇടമലയാർ അണക്കെട്ടിലേക്കുള്ള നീരൊഴുക്കും കുറഞ്ഞു. അതേസമയം പുറത്തുവിടുന്ന ജലത്തിന്റെ അളവിൽ കുറവുവന്നിട്ടില്ല. എങ്കിലും പെരിയാറിലെ ജലനിരപ്പ് എട്ട് മീറ്ററോളം കുറഞ്ഞു.

പ്രളയജലം അവശേഷിപ്പിച്ചുപോയ ചെളിയും മറ്റ് മാലിന്യങ്ങളും വൃത്തിയാക്കുന്ന കർമപരിപാടികളിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടുള്ളത്. ജില്ലയിൽ ഇപ്പോൾ 910 ക്യാമ്പുകളിലായി 5.3 ലക്ഷത്തിലധികം ദുരിതബാധിതരാണുള്ളത്. അടുത്ത ദിവസങ്ങളിൽ ശുചീകരണപ്രവൃത്തികൾ പൂർത്തിയാകുന്നതോടെ ക്യാമ്പുകളിൽ പലതും ഒഴിയും. 15 ന് പ്രളയക്കെടുതി ആരംഭിച്ചതുമുതൽ ഇതുവരെ 15 മരണങ്ങളാണ് ജില്ലയിൽ റിപ്പോർട്ട് ചെയ്തത്. കാണാതായ ആളുകളെ സംബന്ധിച്ച വിവരശേഖരണം തുടരുന്നു. ജീവൻരക്ഷാ പ്രവർത്തനങ്ങൾ പൂർത്തിയായി. കുടിവെള്ളവിതരണ പദ്ധതികളിൽ പ്രധാന പ്ലാന്റായ ആലുവ പ്ലാന്റ് കഴിഞ്ഞ ദിവസം പ്രവർത്തനം തുടങ്ങി. പിറവം കുടിവെള്ള പദ്ധതിയുടെ പമ്പിങ് ബുധനാഴ്ച തുടങ്ങും. 25 കുടിവെള്ള പദ്ധതികളിൽ മറ്റ് 23 എണ്ണവും രണ്ടുദിവസത്തിനകം പ്രവർത്തനക്ഷമമാകും.

പ്രളയം കൂടുതൽ നാശംവിതച്ച ആലുവ, പറവൂർ താലൂക്കുകളിലെ കെടുതികൾ ബുധൻ, വ്യാഴം ദിവസങ്ങളിൽ വിലയിരുത്തും. ഭക്ഷ്യ പൊതുവിതരണം സുഗമമായി നടക്കുന്നുണ്ടോയെന്ന് വിലയിരുത്താൻ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥർ പച്ചക്കറി പലചരക്ക് കടകളിൽ പരിശോധന നടത്തി.



ആലുവ മണപ്പുറത്തേക്കുള്ള നടപ്പാലത്തിന്റെ വഴിയിലെ ചെളിയിൽ ചവിട്ടാതിരിക്കാൻ പലക വിരിക്കുന്നു